**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണവകുപ്പിലെ മുൻസിപ്പൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദേശ സ്വയംഭരണ പൊതു വകുപ്പിൽ ആരംഭിച്ചിട്ടുള്ള ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള ജീവനക്കാരെ മാത്രമാണോ നിയമിച്ചിട്ടുള്ളത്; എങ്കിൽ അതേ കാറ്റഗറിയിൽപ്പെട്ട നഗരസഭാ ജീവനക്കാരെ എന്തുകൊണ്ട് നിയമിച്ചിട്ടില്ലെന്നത് വ്യക്തമാക്കാമോ; | (എ) | തദേശ സ്വയംഭരണ പൊതു വകുപ്പിൽ ആരംഭിച്ചിട്ടുള്ള ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | വിവിധ നഗരസഭകളിലായി വിവിധ തസ്തികകളായ സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ ഗ്രേഡ്-II, പി.എ. റ്റു സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ/ കൗൺസിൽ സെക്രട്ടറി/റവന്യൂ ഓഫീസർ എന്നിവയിൽ ഒഴിവുകൾ ഉണ്ടെങ്കിലും നഗരസഭാ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റംസമയബന്ധിതമായി ലഭ്യമാകുന്നില്ലെന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര പ്രമോഷൻ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ച് ഒഴിവുകളുടെ എണ്ണം അറിയിക്കാമോ; | (ബി) | ഏകീകൃത വകുപ്പിൽ നടപ്പിലാക്കിയ ഇന്റർ ട്രാൻസ്ഫറബിലിറ്റിയുടെ ഭാഗമായി നടന്ന പൊതു സ്ഥലംമാറ്റത്തിനു ശേഷം ജില്ലകളിൽ നിന്ന് ലഭ്യമായ വിവര പ്രകാരം നിലവിൽ റവന്യൂ ഓഫീസർ ഗ്രേഡ്-1, അക്കൗണ്ട്സ് ഓഫീസർ, പി.എ. ടു സെക്രട്ടറി തുടങ്ങിയ തസ്തികകളിലൊന്നും ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഹെഡ് ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ ശേഖരിച്ചു വരുന്നു. നഗരസഭ സൂപ്രണ്ടുമാരുടെ 16 ഒഴിവുകൾ ഉള്ളതായി കണക്കാക്കുന്നു. സീനിയർ ക്ലാർക്ക് തസ്തികയിൽ 14.02.2023 തിയതി വരെയുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. മേൽ തസ്തികകളിൽ നിലവിലെ കേഡർ സ്ട്രെങ്ങ്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് നഗരസഭ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നഗരസഭകളിൽ പുതുതായി ആരംഭിച്ച 6 അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലും അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളിലും നിയമനം നടത്തുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നഗരസഭകളിലെ പുതിയ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക എന്നത് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണോ എന്ന വിവരം | (സി) | 22.12.2022 ലെ സ.ഉ (കൈ) നം.277/2022/ തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവകളിൽ അക്കൗണ്ട്സ് വിഭാഗം/മാലിന്യ നിർമ്മാർജ്ജനം/ ആരോഗ്യ പരിപാലന വിഭാഗം എന്നിവ അടിയന്തരമായി ശക്തിപ്പെടുത്തുന്നതിനായി 354 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. 13.01.2023 ലെ സ.ഉ (കൈ) നം.10/2023/ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ; അല്ലെങ്കിൽ ആയത് ഏതു തസ്തികയുടെ പ്രൊമോഷൻ തസ്തിക ആണെന്ന് വ്യക്തമാക്കാമോ; | | തസ്വഭവ ഉത്തരവ് പ്രകാരം മേൽ തസ്തികകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ച് വിശദമാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് വിഭാഗത്തിൽ 6 മുനിസിപ്പൽ കോർപറേഷനുകളിലും ഓരോ അക്കൗണ്ട്സ് ഓഫീസർ തസ്തികകളും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളും അനുവദിക്കുകയുണ്ടായി. മേൽ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും സംബന്ധിച്ച തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രൊപ്പോസൽ 04.08.2023 ലെ LSGD/PD/29853/2023-DEB3 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | മുനിസിപ്പൽ സർവീസിൽ 20 വർഷം സർവീസ് ഉള്ള ടെസ്റ്റ് യോഗ്യത നേടിയ സീനിയർ ക്ലാർക്കുമാർ അതേ തസ്തികയിൽ തുടരുന്ന സാഹചര്യമാണോ ഉള്ളത്; എങ്കിൽ പഞ്ചായത്ത് വകുപ്പിൽ 20 വർഷം വരെ സർവീസ് ഉള്ള ടെസ്റ്റ് യോഗ്യത നേടിയ ജീവനക്കാർ സൂപ്രണ്ട് തസ്തികയ്ക്ക് മുകളിൽ സേവനമനുഷ്ഠിച്ചു വരുകയും സീനിയർ ആയ ജീവനക്കാർ ജൂനിയർ ജീവനക്കാരുടെ കീഴിൽ സേവനമനുഷ്ഠിക്കേണ്ടി വരികയും ചെയ്യുന്ന വിഷയത്തിൽ അനോമലി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ക്ലർക്ക് തസ്തികയിൽ നിന്നും പ്രൊമോഷൻ ആവുന്നതിനാണ് നിലവിൽ ടെസ്റ്റ് യോഗ്യത ആവശ്യമുള്ളത്. മുനിസിപ്പൽ സർവ്വീസിലെ സീനിയർ ക്ലർക്കുമാർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് പ്രൊമോഷൻ നൽകി വരുന്നുണ്ട്. ഇന്റർ ട്രാൻസ്ഫർ നടപ്പിലാക്കിയതിന് ശേഷമുള്ള അനോമലി പരിശോധിച്ചു വരുന്നു. |
| (ഇ) | നഗരസഭാ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി നഗരസഭ ഒഴികെയുള്ള തദ്ദേശ സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ടി ജീവനക്കാർക്ക് സ്പാർക്ക് ഐ.ഡി. ഇല്ലാത്തതിനാൽ ശമ്പളം സമയബന്ധിതമായി ലഭിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; സ.ഉ.(കൈ) നം. 135/2014/തസ്വഭവ തീയതി 22/07/2014 പ്രകാരം ഗ്രേഡ് ഉയർത്തിയ ഒന്നാം ഗ്രേഡ് നഗരസഭകളിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസം ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; പൊതു സർവീസിന്റെ ഭാഗമായി നഗരസഭകളിലെ റവന്യൂ ഓഫീസർ ഗ്രേഡ്-II തസ്തിക നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നഗരസഭാ ജീവനക്കാർക്ക് പ്രൊമോഷൻ സാധ്യത ഉണ്ടായിരുന്ന മേൽപ്പടി തസ്തികയ്ക്ക് പകരം നഗരസഭകളിൽ പുതുതായി തസ്തിക ആരംഭിച്ചിട്ടുണ്ടോ; ടി വിഷയത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഇ) | നടപ്പ സാമ്പത്തിക വർഷം (2023-24) അഞ്ച് വകുപ്പുകളും അതത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നാണ് സ്പാർക്ക് മുഖേന ശമ്പള വിതരണം നടത്തുന്നത്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു ശീർഷകം (Single Head of Account) ആകുന്ന മുറയ്ക്ക് എല്ലാ ജീവനക്കാർക്കും സ്പാർക് അധിഷ്ഠിത ശമ്പള വിതരണം നടപ്പിലാക്കാൻ സാധിക്കും.<br><br>സർക്കാരിന്റെ 27.07.2023 ലെ ഇ.ആർ.എ2/107/2023 നമ്പർ കത്ത് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് നിലവിൽ പെൻ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ നഗരകാര്യ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2217-80-001-99-00-01-01 ൽ ഉൾപ്പെടുത്തി അർബൻ ഡയറക്ടറേറ്റിലെ ശമ്പള വിതരണം നടത്തുന്ന ഡി.ഡി.ഒ മുഖേന ശമ്പളം വിതരണം ചെയ്യാനും ജില്ലകളിൽ സ്പാർക് മുഖേന ശമ്പള വിതരണം നടത്തുന്ന ഓഫീസുകളിൽ |

| | | | |
|---|---|---|---|
| | | | നിയമിക്കപ്പെട്ടിട്ടുള്ള മേൽ പരാമർശിച്ച ജീവനക്കാരെ പഞ്ചായത്ത് വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2515-00-001-99-00-01-01 ൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കേന്ദ്രീകൃതമായി ജോയിന്റ് ഡയറക്ടറേറ്റുകളിലെ പഞ്ചായത്ത് വിഭാഗത്തിന്റെ ഡി.ഡി.ഒ മുഖേന ശമ്പള വിതരണം നടത്തുകയും ചെയ്യേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സ.ഉ (കൈ) നം.135/2014/തസ്വഭവ തീയതി 22.07.2014 പ്രകാരം ഗ്രേഡ് ഉയർത്തിയ ഒന്നാം ഗ്രേഡ് നഗരസഭകളിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.<br><br>പൊതു സർവ്വീസിന്റെ ഭാഗമായി നഗരസഭകളിലെ റവന്യൂ ഓഫീസർ ഗ്രേഡ്-II തസ്തികകൾ നിർത്തലാക്കിയിട്ടില്ല. |
| (എഫ്) | തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിക്കുകയും പൊതു സ്ഥലംമാറ്റം നടപ്പിലാവുകയും ചെയ്ത സ്ഥിതിക്ക് നഗരസഭ ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് ജി നമ്പരിന് പകരം സ്പാർക്ക് ഐ ഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | പരിശോധിച്ച് വരുന്നു. |
| (ജി) | ഈ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വഴി ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിലെ സ്ഥാപനത്തിൽ നിന്നും പൊതു സ്ഥലമാറ്റത്തിനായി അപേക്ഷിക്കുവാനുള്ള അവസരം ഒരുക്കുമോ; ഇല്ലെങ്കിൽ ഇവർക്ക് പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ നൽകുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ളവർക്ക് ഈ വിധം അപേക്ഷ സമർപ്പിക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; പൊതു സ്ഥലംമാറ്റത്തിന് ഇത്തരം ജീവനക്കാർക്കുകൂടി അവസരം ഒരുക്കാമോ? | (ജി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വഴി ജോലി ചെയ്യുന്ന ജിവനക്കാർക്ക് നിലവിലെ സ്ഥാപനത്തിൽ നിന്നും പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാനുള്ള അവസരം ജനറൽ ട്രാൻസ്ഫർ സോഫ്റ്റ് വെയറിൽ ഒരുക്കിയിട്ടുള്ളതാണ്. എ ന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്വന്തം അപേക്ഷ പ്രകാരമോ അല്ലാതെയോ സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നത്. ആയതിനാൽ ടി ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പൊതു സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ